ഓഹരിത്തുക തിരിച്ചുനൽകണമെന്ന ആവശ്യം

155 (1822) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്തമംഗലം വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കെതിരെ ശ്രീ. ടി. സി. എം. പിള്ള, ഉഷസ്, ശാസ്തമംഗലം സഹകരണ വകുപ്പ് തിരുവനന്തപുരം ജില്ലാ അസിസ്റ്റന്റ് രജിസ്ട്രാർക്ക് എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) നടപടികൾ സ്വീകരിച്ചിട്ടില്ല എങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ശ്രീമാൻ ടി. സി. എം. പിള്ള ശാസ്തമംഗലം വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള ഓഹരിത്തുക അടിയന്തിരമായി തിരിച്ചുനൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയിന്മേൽ അന്വേഷണം നടത്തുകയും ഓഹരിത്തുക മടക്കി നൽകാൻ സംഘത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഓഹരിത്തുക മടക്കിനൽകാൻ സംഘത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

റബ്കോയുടെ റബ്ബർ ചെരുപ്പു നിർമ്മാണവും വിപണനവും

156 (1823) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്കോയുടെ ആഭിമുഖ്യത്തിൽ റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന എന്തെല്ലാം ഫാക്ടറികൾ നടത്തുന്നുണ്ട് ;

(ബി) ഇവയിൽ റബ്ബർ വകുപ്പ് ചെരുപ്പ് നിർമ്മാണ ഫാക്ടറിയുടെ സ്ഥാപിതശേഷി എത്രയാണ് ;

(സി) ഇവിടെ ഉൽപ്പാദിക്കപ്പെടുന്ന റബ്ബർ ചെരുപ്പുകൾ എത്രയാണ് ;

(ഡി) റബ്ബർ ചെരുപ്പുകൾ വിപണനം ചെയ്യുന്നതിന് എന്തെല്ലാം വിധത്തിലുള്ള പരസ്യങ്ങളാണ് നൽകുന്നത് ;

(ഇ) റബ്ബർ ചെരുപ്പിന്റെ പരസ്യത്തിനുവേണ്ടി മാത്രം ഇതുവരെ എന്തു തുക ചെലവായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ ഫാക്ടറിയിലെ ഉൽപ്പാദനം എന്നാരംഭിച്ചുവെന്നും ഇതുവരെ എത്ര റബ്ബർ ചെരുപ്പുകൾ വിറ്റിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ജി) ഈ യൂണിറ്റിലെ ലാഭനഷ്ട വിവരങ്ങൾ എത്രയെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) (1) റബ്കോ ഹവായ് ചപ്പൽ നിർമ്മാണ ഫാക്ടറി.

(2) റബ്കോ ശ്രീകണ്ഠപുരം സെൻട്രിഫ്യൂസ്ഡ് ലാറ്റക്സ് ഫാക്ടറി.

(ബി) ചെരുപ്പു നിർമ്മാണ ഫാക്ടറിയുടെ സ്ഥാപിതശേഷി പ്രതിദിനം 12,000 ജോഡി ചെരിപ്പുകളാണ്.

(സി) പ്രതിദിനം ശരാശരി 5000 ജോഡി ചെരുപ്പുകളുടെ ഉൽപ്പാദന മാണിപ്പോൾ കൈവരിച്ചിട്ടുള്ളത്.

(ഡി) ചെരുപ്പുകളുടെ വിപണനത്തിനായി കേരളത്തിൽ എഴോളം മൊത്ത വിതരണക്കാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഇലക്ട്രോണിക് അച്ചടി മാധ്യമങ്ങളിലൂടെ പരസ്യവും ചെയ്യുന്നുണ്ട്.

(ഇ) ചെരുപ്പിന്റെ വിപണനത്തിനുള്ള പരസ്യത്തിനായി ഇതുവരെ 93,75,796 രൂപ ചെലവായിട്ടുണ്ട്.

(എഫ്) വ്യാവസായികാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം 1999 ആഗസ്റ്റ് മാസത്തോടെ ആരംഭിച്ചു. ഇതുവരെ 3,14,051 ജോഡി ചെരുപ്പുകൾ വിറ്റഴിച്ചിട്ടുണ്ട്.

(ജി) വർഷമെത്താത്തതിനാൽ ലാഭനഷ്ടങ്ങൾ കണക്കാക്കിയിട്ടില്ല.

II അടിയന്തിരപ്രമേയം

കണ്ണൂരിൽ നടന്ന അക്രമസംഭവം

മി.സ്പീക്കർ : കണ്ണൂരിൽ ഒരു കൂട്ടം ആളുകൾ ഒരാളെ കുത്തുകയും തട്ടുകടകൾ തകർക്കുകയും ഓട്ടോറിക്ഷകൾ കത്തിക്കുകയും കുത്തേറ്റ ആളെ അക്രമികൾ ആശുപത്രിയിൽവച്ച് ആക്രമിക്കുകയും ചെയ്യുന്നതുകണ്ട് ഒരു രോഗി മരിക്കുകയും ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് റൂൾ 50 അനുസരിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ. സി. വേണുഗോപാൽ, നാലകത്തു സൂപ്പി, തോമസ് ചാഴികാടൻ, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, 2000 മാർച്ച് 5-ാം തീയതി രാത്രി 10 മണിയോടുകൂടി കാട്ടാംപള്ളിയിലെ ബാലൻ നഗർ എന്ന സ്ഥലത്തുള്ള മുല്ലശ്ശേരി പ്രഭാകരൻ എന്നയാളിനെ ആറോളം ആളുകൾ ചേർന്ന് വെട്ടുകയും

LIBRARY ARCHIVES Kerala Legislative Assembly